# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-TSR(P 15)981/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR(P 15)981/2022. തീയ്യതി: 01/07/2022

## തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 14-06-2022 | 22-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-06-2022 | 22-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഷോബി വി പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി പ്രവിദ പി എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശ്രീജിത്ത് തെക്കുംപാടൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജയശ്രീ കൊച്ചുഗോവിന്ദൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ഷെജി തോമസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 03-07-2019 |
| ഇ ജെ ഫോർബി | സെക്രട്ടറി | 04-07-2019 | 22-09-2019 |
| ഷെജി തോമസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-09-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.സ്വപ്ന എസ് | കൃഷി ഓഫീസർ | 01-04-2019 | 01-10-2019 |
| അരുൺ സുഗതൻ | കൃഷി ഓഫീസർ | 01-10-2019 | 31-03-2020 |
| ഡോ. ദേവി എസ് | വെറ്റിനറി സർജൻ | 01-04-2019 | 31-01-2020 |
| ഡോ.രോഷ്മ ടി ജെ | വെറ്റിനറി സർജൻ | 01-02-2020 | 31-03-2020 |
| ഡോ.സുനിത വി എം | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ ആശ കെ | മെഡിക്കൽ ഓഫീസർ, ആയൂർവ്വേദം | 01-04-2019 | 31-03-2020 |
| സുധ പി വി | വി ഇ ഒ ,വരന്തരപ്പിള്ളി സർക്കിൾ | 01-04-2019 | 24-09-2019 |
| ബിന്ദു കെ ബി | വി ഇ ഒ ,വരന്തരപ്പിള്ളി സർക്കിൾ | 24-09-2019 | 31-03-2020 |
| ഉണ്ണികൃഷ്ണൻ | വി ഇ ഒ ,വേലൂപ്പാടം സർക്കിൾ | 01-04-2019 | 24-09-2019 |
| പ്രശാന്തിനി പി വി | വി ഇ ഒ ,വേലൂപ്പാടം സർക്കിൾ | 25-09-2019 | 10-12-2019 |
| ബിന്ദു കെ ബി | വി ഇ ഒ ,വേലൂപ്പാടം സർക്കിൾ | 11-12-2019 | 15-12-2019 |
| ജോഷീല പി ജെ | വി ഇ ഒ ,വേലൂപ്പാടം സർക്കിൾ | 16-12-2019 | 31-03-2020 |
| പ്രസന്ന പി വി | വി ഇ ഒ,നന്തിപുലം സർക്കിൾ | 01-04-2019 | 24-09-2019 |
| ബിന്ദു കെ ബി | വി ഇ ഒ,നന്തിപുലം സർക്കിൾ | 25-09-2019 | 22-10-2019 |
| ലാലിഘോഷ് കെ ജി | വി ഇ ഒ,നന്തിപുലം | 23-10-2019 | 13-12-2019 |

| | | | |
|---|---|---|---|
| | സർക്കിൾ | | |
| ബിന്ദു കെ ബി | വി ഇ ഒ,നന്തിപുലം സർക്കിൾ | 14-12-2019 | 29-01-2020 |
| അനിൽകുമാർ എ | വി ഇ ഒ,നന്തിപുലം സർക്കിൾ | 30-01-2020 | 31-03-2020 |
| ജനോവ കെ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശാലിനി വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| സിജോൺ ജെ കുന്നത്ത് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഷെജി തോമസ് | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ് | 01-04-2019 | 17-06-2019 |
| സുലേഖ എ ഐ | അസിസ്റ്റന്റ് സെക്രട്ടറി | 18-06-2019 | 23-07-2019 |
| അജൈബ് ചന്ദ്രൻ എം സി | അസിസ്റ്റന്റ് സെക്രട്ടറി | 24-07-2019 | 31-03-2020 |
| വാസന്തി ടി എ | ഹെഡ് മിസ്ട്രസ് ഇൻ ചാർജ് | 01-04-2019 | 31-05-2019 |
| ശാന്ത എ എ | ഹെഡ് മിസ്ട്രസ് | 01-06-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shobby.V.P (Audit Officer, On 20-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 24-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: P.A.Pravida (Audit Officer, On 18-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 18-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: P.A.Pravida (Audit Officer, On 18-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 18-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.A.Pravida (Audit Officer, On 18-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Pravida (Audit Officer, On 18-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 28-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.A.Pravida (Audit Officer, On 18-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 28-06-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: P.A.Pravida (Audit Officer, On 18-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 24-06-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Dhanya.A (Auditor, On 21-06-2022)<br>Last Updated By: Dhanya.A (Auditor, On 21-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Shobby.V.P (Audit Officer, On 21-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 21-06-2022) | 1-10 |
| 11 | വസ്തു നികുതി- കുടിശ്ശിക ഡിമാന്റ് പൊരുത്തപ്പെടുന്നില്ല<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-11 |
| 12 | സഞ്ചയ" സോഫ്റ്റ്വെയർ-ഗണിതക്രിയയിൽ വ്യത്യാസം<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 20-06-2022) | 1-12 |
| 13 | വസ്തുനികുതി - മുൻകൂർ തുക - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-13 |
| 14 | ഡിമാന്റ് തുക അതാത് സമയത്ത് രേഖപ്പെടുത്തുന്നില്ല<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-14 |
| 15 | വരവ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-15 |
| 16 | വരുമാനങ്ങളുടെ മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-16 |
| 17 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-17 |

| | | |
|---|---|---|
| | Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 21-06-2022) | |
| 18 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 24-06-2022) | 1-18 |
| 19 | " Capital Contribution" -തുക കൃത്യമല്ല<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 21-06-2022) | 1-19 |
| 20 | Capital Work In Progress -തുക കൃത്യമല്ല<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 21-06-2022) | 1-20 |
| 21 | അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 20-06-2022) | 1-21 |
| 22 | സ്ഥിരനിക്ഷേപ തുകയിൽ വ്യത്യാസം<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-22 |
| 23 | Prior Period Item- വൗച്ചറുകൾ തയ്യാറാക്കിയിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 21-06-2022) | 1-23 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 20-06-2022) | 1-24 |
| 25 | പഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാനങ്ങളിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Dhanya.A (Auditor, On 23-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 24-06-2022) | 1-25 |
| 26 | വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്<br>Written By: Dhanya.A (Auditor, On 22-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-26 |
| 27 | പെർമ്മിറ്റ്-ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചില്ല<br>Written By: Dhanya.A (Auditor, On 22-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-27 |
| 28 | പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: P.A.Pravida (Audit Officer, On 18-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 22-06-2022) | 1-28 |
| 29 | ഡയറി ഫാം ഇൻസ്പെക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 21-06-2022)<br>Last Updated By: Dhanya.A (Auditor, On 22-06-2022) | 1-29 |
| 30 | ലൈഫ് മിഷൻ-ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 18-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-30 |
| 31 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Sreejith Thekkumbadan (Senior Grade Auditor, On 22-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-31 |
| 32 | തൊഴിലുറപ്പ് പദ്ധതി --ക്വാറി മക്ക് ഫില്ലിങ്ങിന് അധിക നിരക്ക് അനുവദിച്ചു വരുന്നു<br>Written By: Shobby.V.P (Audit Officer, On 21-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 24-06-2022) | 1-32 |
| 33 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഭാഗമായി നടത്തിയ പഞ്ചായത്ത് ഓഫീസ് | 1-33 |

| | | |
|---|---|---|
| | നവീകരണത്തിലെ അപാകതകൾ- 26,07,591/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sreejith Thekkumbadan (Senior Grade Auditor, On 22-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | |
| 34 | കലവറക്കുന്ന് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ നിർമ്മാണം - അപാകതകൾ<br>Written By: Sreejith Thekkumbadan (Senior Grade Auditor, On 22-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-34 |
| 35 | കുട്ടികളുടെ നീന്തൽ പരിശീലനം - 4,23,340/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sreejith Thekkumbadan (Senior Grade Auditor, On 22-06-2022)<br>Last Updated By: Sreejith Thekkumbadan (Senior Grade Auditor, On 23-06-2022) | 1-35 |
| 36 | ഓവർഹെഡ് ചാർജ്ജസ് അധിക നിരക്കിൽ അനുവദിച്ചു വരുന്നു<br>Written By: Shobby.V.P (Audit Officer, On 21-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-36 |
| 37 | കാലി ബാരലിന്റെ വില ₹ 99137-ഈടാക്കിയിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 21-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 24-06-2022) | 1-37 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.A.Pravida (Audit Officer, On 18-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 28-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 20-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 21-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 20-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 20-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 20-06-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 21-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.A.Pravida (Audit Officer, On 20-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 21-06-2022) | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം/തീയതി | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 25/02/2019 | 1/1 | 29,50,02,927 | 27,48,88,805 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 28.03.2020 | 1/1 | 32,22,61,011 | 27,92,95,757 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2020 | 25-09-2020 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,81,19,396 |
| വരവ് | 9,37,77,764 |
| ആകെ | 12,18,97,160 |
| ചെലവ് | 9,30,09,282 |
| നീക്കിയിരിപ്പ് | 2,88,87,878 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | 0 | 282,18,824 | 282,18,824 | 164,78,414 | 117,40,410 |
| വികസനഫണ്ട് –എസ് സി പി | 0 | 87,37,000 | 87,37,000 | 32,73,598 | 54,63,402 |
| വികസനഫണ്ട് –ടി എസ് പി | 0 | 15,13,000 | 15,13,000 | 9,44,600 | 5,68,400 |
| മെയിന്റനൻസ് –റോഡ് | 0 | 288,29,000 | 288,29,000 | 93,28,337 | 1,95,00,663 |
| മെയിന്റനൻസ് –നോൺറോഡ് | 0 | 64,95,000 | 64,95,000 | 58,39,390 | 6,55,610 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 169,58,180 | 169,58,180 | 83,55,307 | 86,02,873 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 312 | 161942077 | 161 | 68971077 | 0 | 151 | 42.58 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1513 | 1170051 | 1171564 | 1167130 | 4434 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25427652 | 25427652 | 25427652 | 0 |

തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

## 1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69,840 | 77 |
| കർഷകതൊഴിലാളി പെൻഷൻ | 36,94,200 | 490 |
| വിധവാപെൻഷൻ | 98,05,200 | 1320 |
| വാർദ്ധക്യകാലപെൻഷൻ | 221,89,200 | 2950 |
| വികലാംഗപെൻഷൻ | 27,52,000 | 385 |
| അവിവാഹിത പെൻഷൻ | 9,65,400 | 141 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1,80,000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.06.2022 തീയതിയിൽ 3:30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,65,440 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. രജിസ്റ്ററുകളും, വൗച്ചറുകളും മറ്റു രേഖകളും ഏറെക്കുറെ നന്നായി സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് നന്നായി പ്രവർത്തിച്ചു വരുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 അടിസ്ഥാന അനുപാതങ്ങൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-11 വസ്തു നികുതി- കുടിശ്ശിക ഡിമാന്റ് പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

കുടിശ്ശിക

റെസിഡൻഷ്യൽ-ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 408618 | 391299 | 20845 |

| | | | |
|---|---|---|---|
| പ്രകാരം | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *469038 | 391299 | **20845 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(250535+241955=492490/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (21912/105X100)=20868<br>ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

നോൺ-റെസിഡൻഷ്യൽ -ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 407077 | 333759 | 73769 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *445605 | 333759 | **73769 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(228748+239137=467885/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(77477/105X100=73788ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-12 സഞ്ചയ" സോഫ്റ്റ്‌വെയർ-ഗണിതക്രിയയിൽ വ്യത്യാസം

സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ: ഖണ്ഡിക 1-11 ലെ പട്ടികകൾ)

## 1-13 വസ്തുനികുതി - മുൻകൂർ തുക - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential | 1036380 | 1129757 |

| | | | |
|---|---|---|---|
| | Building | | |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | --------- | 264644 |

## 1-14 ഡിമാന്റ് തുക അതാത് സമയത്ത് രേഖപ്പെടുത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 432 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണമാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 വരവ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4. വാടക ഡിമാന്റ് രജിസ്റ്റർ

5. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-16 വരുമാനങ്ങളുടെ മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രം.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020 |
|---|---|---|---|

| | | | ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 351400 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 230400 |

## 1-17 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-18 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7,68,482/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 54,97,296/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ്സ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-19 " Capital Contribution" -തുക കൃത്യമല്ല

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത് (2,43,84,520). വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-20 Capital Work In Progress -തുക കൃത്യമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്ടുകളിൽ 31.03.2020 വരെ പാർട്ട് ബിൽ നൽകിയതും എന്നാൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 7,47,658/- രൂപയാണ്. Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 7,64,605/-രൂപയാണ്.

## 1-21 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ B18 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെ ആധികാരികത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

## 1-22 സ്ഥിരനിക്ഷേപ തുകയിൽ വ്യത്യാസം

B12 ഷെഡ്യൂൾ പ്രകാരം Investment- Fixed Deposit തുക 1,31,23,282/- രൂപയാണ്. സ്ഥിരനിക്ഷേപ രശീതികൾ പരിശോധിച്ചതിൻ പ്രകാരമുള്ള തുക 1,29,65,707/- രൂപയാണ്. വ്യത്യാസം തുടർവർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

## 1-23 Prior Period Item- വൗച്ചറുകൾ തയ്യാറാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 29818 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 29817 |
| 280200201-Prior Period Income-License Fees | (1250) |
| 280200401-Prior Period Income-Other Income | 42728 |
| 280800501-Prior Period Programme Expenses | (10000) |

## 1-24 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-25 പഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാനങ്ങളിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്

വിവിധ പഞ്ചായത്ത് കമ്മിറ്റികളിലെ ചില തീരുമാനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1) 27.01.2020 അജണ്ട 8 തീരുമാനം 8- 54/19-20 പഞ്ഞിക്കാരൻ മൂല -മില്ല്മൂല റോഡ് കാന നിർമാണം - ലഭിച്ച മണ്ണ് അസി എഞ്ചിനീയറുടെ വാല്വേഷൻ പ്രകാരം ലേലം ചെയ്യുന്നതിന് തീരുമാനിച്ചു.

2) 27.01.2020 അജണ്ട 17 തീരുമാനം 17- വാർഡ് 3 വടക്കുംമുറി-കോരനൊടി കാന നിർമ്മാണം പ്രവർത്തിയിൽ ലഭിച്ച മണ്ണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്വേഷൻ ലഭ്യമാക്കി ലേലം ചെയ്യുന്നതിന് തീരുമാനിച്ചു.

മേൽ തീരുമാനങ്ങളിൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-26 വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്

ശ്രീ കെ ജെ പോൾ, ഡയറക്ടർ, ഗ്രീൻ റോക്ക് ക്രഷേർസ് ആന്റ് മെറ്റൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള ക്രഷർ യൂണിറ്റിന് 436ാം നമ്പറായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. 11ാം വാർഡിലെ 407ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 88m2 തറ വിസ്തീർണ്ണമുള്ള ടി ക്രഷർ യൂണിറ്റിന്റെ വസ്തുനികുതി നിർണ്ണയ ഫോറം 6 പരിശോധിച്ചതിൽ ഉപയോഗ ക്രമം വാണിജ്യ കെട്ടിടം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതു പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച മീ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള 40 രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം സ്റ്റോൺ ക്രഷർ യൂണിറ്റുകൾ ഗണം I വ്യാവസായിക കൈവശത്തിൻ കീഴിൽ ഉൾപ്പെടുന്നവയാണ്. ഇതര വ്യവസായങ്ങൾക്ക് ആവശ്യമായ കെട്ടിടങ്ങൾക്ക് പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള 60രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 23/21.6.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പുനർ നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-27 പെർമ്മിറ്റ്-ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചില്ല

ഫയൽ നമ്പർ : A4-11097/2019 തിയതി.22/01/2020 പ്രകാരം A2 ഓർഫനേജ് ഒക്യുപ്പൻസിയിലുള്ള 397.26 ച മീ ബിൽറ്റ് അപ്പ് ഏരിയ ഉള്ള കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഫയർ ആന്റ് സേഫ്റ്റി അഗ്നിസുരക്ഷാമാനദണ്ഡങ്ങൾ കെട്ടിടനിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടെന്ന് പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ, അപേക്ഷകന്റെ സെൽഫ് ഡിക്ലറേഷൻ എന്നിവ പ്ലാനോടൊപ്പം സമർപ്പിട്ടിച്ചില്ല. ഗ്രൂപ്പ് A1, A2, B, C, E, F, G1, G2, H വിനിയോഗത്തിൽപ്പെട്ട 300 $M^2$ നും 1000 $M^2$ നും ഇടയിൽ നിർമ്മിതവിസ്തീർണ്ണമുള്ളതും 15 മീറ്ററിൽ താഴെ ഉയരമുള്ളതുമായ എല്ലാ കെട്ടിടങ്ങൾക്കും ഫയർ ആന്റ് സേഫ്റ്റിയിലെ അഗ്നിസുരക്ഷാമാനദണ്ഡങ്ങൾ കെട്ടിടനിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടെന്ന് പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ, അപ്പൻഡിക്സ് L ൽ

അപേക്ഷകന്റെ സെൽഫ് ഡിക്ലറേഷൻ എന്നിവ ലഭ്യമാക്കേണ്ടതും സമീപത്തുള്ള ഫയർസ്റ്റേഷനിലേക്ക് അയക്കേണ്ടതുമാണ് (കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ -2019, റൂൾ -5). അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 29/22.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-28 പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് നം. ,പേര്-84/20 പ്രത്യേക കന്നുകുട്ടി പരിപാലനം
നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്റിനറി സർജൻ
ചെലവ് -12,50,000/-(വികസനഫണ്ട് ജനറൽ)
(വൗച്ചർ നം.21901054/15.11.2019—5,00,000/-)
(വൗച്ചർ നം.21901056/15.11.2019—2,50,000/-)
(വൗച്ചർ നം.21901119/19.12.2019—5,00,000/-)

മേല്പറഞ്ഞ പ്രൊജക്ടിൽ വേലൂപ്പാടം, നന്തിപുലം ക്ഷീരസംഘങ്ങളുടെ കീഴിലുള്ള ഗുണഭോക്താക്കളുടെ വിഹിതമായി രൂപ 12,50,000/-രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ക്ഷീരസംഘങ്ങളുടെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ മുഴുവൻ വിഹിതവും കൈപ്പറ്റിയതായി കാണുന്നില്ല.

വേലൂപ്പാടം സൊസൈറ്റി

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കാലിത്തീറ്റ വാങ്ങിയതിന്റെ വിവരം |
|---|---|---|
| 1 | ശ്യാമപ്രസാദ്,കണ്ണൂക്കാടൻ | ഇതുവരെ ഒന്നും വാങ്ങിയില്ല |
| 2 | കുഞ്ഞുമുഹമ്മദ്,തത്തയിൽ | 3/20 മുതൽ 6/20വരെ (4മാസം) |
| 3 | അബ്ദുൾ ഹമീദ്, കുനത്തിൽ | 3/20 മുതൽ 8/20വരെ (6മാസം) |
| 4 | അഷ്റഫ് കെ എം, കൊല്ലേരി | 3/20 മുതൽ 5/20വരെ (3മാസം) |
| 5 | റസാഖ് സി എം, ചീനിക്കൽ | 3/20 മുതൽ 4/20വരെ (2മാസം) |
| 6 | ഷൈനി സുരേഷ്, ചെമ്മണ്ടപ്പറമ്പിൽ | 3/20 മുതൽ 2/21വരെ (12മാസം) |

നന്തിപുലം സൊസൈറ്റി

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കാലിത്തീറ്റ വാങ്ങിയതിന്റെ വിവരം |
|---|---|---|
| 1 | ജലജ, വട്ടോലിപ്പറമ്പിൽ | 3/20മുതൽ 12/20വരെ (10 മാസം) |
| 2 | വിൽസൺ, പള്ളത്ത് | 3/20 മുതൽ 11/20വരെ( 9മാസം) |
| 3 | മറിയാമ്മ, കാട്ടില | ഇതുവരെ ഒന്നും വാങ്ങിയില്ല |

മേല്പറഞ്ഞ ഗുണഭോക്താക്കളുടെ അവശേഷിക്കുന്ന സബ്സിഡി വിഹിതം എസ് എൽ ബി പി യിൽ നിന്നും തിരികെ

ലഭ്യമാക്കേണ്ടതാണ്.

3/2020 ൽ തുടങ്ങി 7/2021 ൽ കാലിത്തീറ്റ വിതരണം അവസാനിച്ചതിനാൽ പ്രൊജക്ടിന്റെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.10/17.06.2022)

## 1-29 ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല

( ഓഡിറ്റ് എൻക്വയറി നം. 1 തിയ്യതി 14-6-'22 )

കേരള ട്രഷറി കോഡ് ചട്ടം 92 എ I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവ് ചെലവ് വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-30 ലൈഫ് മിഷൻ-ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വേലൂപ്പാടം സർക്കിൾ

1. പ്രൊജക്ട് നം .പേര്-186/20 ലൈഫ് മിഷൻ ജനറൽ (സ്പിൽ ഓവർ)

ചെലവ് -50,40,000/-(ഹഡ്കോ വായ്പ)

2018-19 ൽ തുടങ്ങി 2019-20 ൽ സ്പിൽ ഓവറായി നടപ്പാക്കിയ മേല്പറഞ്ഞ പ്രൊജക്ടിൽ, വർഗീസ്, ഞെരിഞ്ഞാമ്പിള്ളി എന്ന ഗുണഭോക്താവ് 2018-19 ൽ 40,000/-രൂപയും, 2019-20 ൽ 1,60,000/-രൂപയും (വൗച്ചർ നം.21900275/06.07.2019) കൈപ്പറ്റിയെങ്കിലും ഇതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2. പ്രൊജക്ട് നം .പേര്-27/20 ലൈഫ് മിഷൻ ജനറൽ

ചെലവ് -63,40,000/-(വികസനഫണ്ട് ജനറൽ)

മേല്പറഞ്ഞ പ്രൊജക്ടിൽ, രമണി, മേച്ചേരിൽ എന്ന ഗുണഭോക്താവ് 2019-20 ൽ 40,000/-രൂപ (വൗച്ചർ നം.21900705/24.08.2019) കൈപ്പറ്റിയെങ്കിലും ഇതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

മേല്പറഞ്ഞ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിയ്ക്ക്(ഓഡിറ്റ് എൻക്വയറി നം.7/16.06.2022) മറുപടിയായി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചു. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-31 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ഇലക്ട്രിഫിക്കേഷൻ, എൽ.ടി കണക്ഷൻ എന്നിവയ്ക്ക് രണ്ടു പദ്ധതികളിൽ നിന്നായി 6,58,808/- രൂപ കെ.എസ്.ഇ.ബിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾ പൂർത്തീകരിച്ചുകൊണ്ടുള്ള പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പേര് | വൗച്ചർ നമ്പർ/തീയതി | കെ.എസ്.ഇ.ബിക്ക് കൈമാറിയ തുക |
|---|---|---|---|
| എസ്0345/20 | ചൈതന്യ അംഗന വാടി ഇലക്ട്രിഫിക്കേഷൻ | 21901074/09-03-20 | 47,706 |
| എസ്0183/20 | മുതമല ലിഫ്റ്റ് ഇറിഗേഷൻ | 21900528/09-10-19<br>21900529/09-10-19 | 6,11,102 |
| | ആകെ | | 6,58,808 |

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 18/20-06-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-32 തൊഴിലുറപ്പ് പദ്ധതി --ക്വാറി മക്ക് ഫില്ലിങ്ങിന് അധിക നിരക്ക് അനുവദിച്ചു വരുന്നു

ഓഡിറ്റ് എൻക്വയറി നം. 6, തി. 16-06-22

ഓഡിറ്റ് കാലയളവിൽ ക്വാറി മക്ക് ഫില്ലിങ്ങിന് ₹ 1262.78 എന്ന നിരക്ക്(SECURE ഇനം 80.7.2.3) നൽകിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു. PRICE സോഫ്റ്റ് വെയറിൽ (ഇനം 51.2.3) ഈയിനത്തിന് ₹ 891.01 നിരക്കാണ് നൽകി വരുന്നത്. ഒരേയിനം പ്രവൃത്തിക്ക് ഒരേ സ്ഥാപനത്തിൽ രണ്ടു വ്യത്യസ്ത നിരക്കുകൾ അനുവദിച്ചു വരുന്ന കാര്യം ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് MNREGA സ്റ്റേറ്റ് മിഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിലേക്ക് കൊടകര ബ്ലോക്ക് പ്രോഗ്രാം ഓഫീസറെ അറിയിച്ചിട്ടുള്ളതായി മറുപടി നല്കിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർ

നടപടികളുടെ വിവരംയഥാസമയം ഓഡിറ്റിന് നൽകേണ്ടതാണ്.

## 1-33 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഭാഗമായി നടത്തിയ പഞ്ചായത്ത് ഓഫീസ് നവീകരണത്തിലെ അപാകതകൾ- 26,07,591/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| പ്രൊജക്റ്റ് നമ്പർ | പദ്ധതി വിഹിതം (തനത് ഫണ്ട്) | ചെലവ് |
|---|---|---|
| എസ്.0081/20 (സ്പിൽ ഓവർ- തനത് ഫണ്ട്) | 19,94,568 | 19,48,616 |
| എസ്.0309/20 (തനത് ഫണ്ട്) | 8,68,651 | 8,45,851 |
| ആകെ | 28,63,219 | 27,94,467 |

2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഭാഗമായി നടത്തിയ പഞ്ചായത്ത് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച രണ്ടു പ്രൊജക്ടുകളിൽ നിന്നായി 27,94,467/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുകയിൽ 26,07,591/-രൂപയും തൃശ്ശൂരിലുള്ള ആർട്ടിസൻസ് ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്(ആർട്ട്കോ) എന്ന സ്ഥാപനത്തിന് വിവിധ പ്രവൃത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് നൽകിയതാണ്. ഇതുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ കൊടുക്കുന്നു.

2019-20 വർഷത്തിൽ ആർട്ട്കോ യ്ക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ

| വൗച്ചർ നമ്പർ | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|
| 21900379 | 595488 | 14-08-2019 | 8,58,035 |
| 21900775 | 595613 | 07-12-2019 | 9,03,705 |
| 219010264 | 595735 | 31-03-2020 | 8,45,851 |
| ആകെ | | | 26,07,591 |

1) അംഗീകൃത ഏജൻസികളുടെയും അക്രെഡിറ്റേഷൻ ഏജൻസികളുടെയും സേവനം പ്രയോജനപ്പെടുത്താനുള്ള തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30-03-2013 ലെ സ.ഉ(എം.എസ്) നമ്പർ.133/13 ഉത്തരവു പ്രകാരം അക്രെഡിറ്റേഷൻ ഏജൻസികൾക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പ്രവൃത്തികൾ ഏൽപ്പിച്ചുനൽകാവുന്നതാണ്.

എ) ചെലവുകുറഞ്ഞ സാങ്കേതിക വിദ്യ(Low Cost Technology) ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ, PWD നിരക്കുകൾ അധികരിക്കാതെ.

ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥ-സ്ഥാപന വൈദഗ്ധ്യം ഉപയോഗിച്ച് ചെയ്യാൻ കഴിയാത്ത പ്രവർത്തനങ്ങൾ.

പഞ്ചായത്ത് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തികൾ ടെൻഡർ നടപടികൾ ഒഴിവാക്കിക്കൊണ്ട് ആർട്ടിസൻസ് ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് കൈമാറിയതിൽ മേൽ സൂചിപ്പിച്ച വ്യവസ്ഥകൾ ഉറപ്പാക്കിയതായി കാണുന്നില്ല.

2) പ്രവൃത്തികളുമായി ബന്ധപ്പെട്ട് ആർട്ട്കോയുടെ എഗ്രിമെന്റിനെ അടിസ്ഥാനമാക്കി വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ എ3/9535/18-10-2019 പ്രകാരം കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ്(As Per Execution) തയ്യാറാക്കി കാണുന്നുണ്ട്. ഇതിന്റെ അളവുപുസ്തകവും, എഗ്രിമെന്റ് ഷെഡ്യൂളും പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

3)ആർട്ട്കോ നൽകിയിട്ടുള്ള ഇൻവോയ്സുകളിലെ പ്രവൃത്തികളിലെ പ്രവൃത്തി പൂർത്തീകരിച്ച അളവുകളും അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി നൽകിയിരിക്കുന്ന കംപാരിറ്റീവ് സ്റ്റേറ്റ്മെന്റിലെ(As Per Execution) അളവുകളും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

എ) ഇനം - Providing Gypsum Ceiling Using Saint Go Bain Water Proof Gypsum Board 20mm Poliform In Soboard White Board Using Joists Placed On Both Waysof Ceiling And Fixed To Walls Using GI

| | നിരക്ക്(M2) | അളവ്(M2) | ഈടാക്കിയ തുക |
|---|---|---|---|
| ആർട്ട്കോ നൽകിയിട്ടുള്ള ഇൻവോയ്സ് പ്രകാരം | 1060 | 150 | 1,59,000 |
| കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രവൃത്തി ചെയ്ത അളവ്(As Per Execution) | 1060 | 92.64 | 98,198.40 |
| | | വ്യത്യാസം | 60,801.6 |

ബി) ACP Work Using 3 Mm ACP Sheet Structure With Gl Channels

| | നിരക്ക്(M2) | ആളവ്(M2) | ഈടാക്കിയ തുക |
|---|---|---|---|
| ആർട്ട്കോ നൽകിയിട്ടുള്ള ഇൻവോയ്സ് പ്രകാരം | 3000 | 375 | 11,25,000 |
| കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രവൃത്തി ചെയ്ത അളവ്(As Per Execution) | 3000 | 265.97 | 7,97,910 |
| | | വ്യത്യാസം | 3,27,090 |

സി) Celing With PVC Pannel Providing False Ceiling...

| | നിരക്ക്(M2) | ആളവ്(M2) | ഈടാക്കിയ തുക |
|---|---|---|---|
| ആർട്ട്കോ നൽകിയിട്ടുള്ള ഇൻവോയ്സ് പ്രകാരം | 1065 | 60 | 63,900 |
| കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രവൃത്തി ചെയ്ത അളവ്(As Per Execution) | 1065 | 46.80 | 49,842 |
| | | വ്യത്യാസം | 14,058 |

ഡി) Painting With Emulsion(With Out Putty)

| | നിരക്ക്(M2) | ആളവ്(M2) | ഈടാക്കിയ തുക |
|---|---|---|---|
| ആർട്ട്കോ നൽകിയിട്ടുള്ള ഇൻവോയ്സ് പ്രകാരം | 215 | 660 | 1,41,900 |
| കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രവൃത്തി ചെയ്ത അളവ് (As Per Execution) | 215 | 108.38 | 23,301.70 |
| | | വ്യത്യാസം | 1,18,598.3 |

എ,ബി,സി,ഡി ഇനങ്ങളിലായി ആർട്ട്കോയ്ക്ക് അധികം നൽകിയ തുക

| | ആർട്ട്കോയ്ക്ക് നൽകിയ തുക | പ്രവൃത്തി ചെയ്ത അളവ് പ്രകാരം നൽകേണ്ടിയിരുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| പ്രവൃത്തി മൂല്യം(എ+ബി+സി+ഡി) | 14,89,800 | 9,69,252 | 520548 |
| ജി.എസ്.ടി ഇനത്തിൽ നൽകിയ തുക (18%) | 2,68,164 | 1,74,465 | 93699 |
| ആകെ | 17,57,964 | 11,43,717 | 614247 |
| അധികം നൽകിയ തുക | 6,14,247 | | |

അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെയ്യാത്ത അളവിലുള്ള പ്രവൃത്തികൾക്കുകൂടി ആർട്ട്കോ തുക കൈപ്പറ്റിയതായി കാണുന്നു. ഇത് അടിയന്തിരമായി പരിശോധിച്ച് അധികം നൽകിയ 6,14,247/-രൂപ ആർട്ട്കോ യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

4) അക്രഡിറ്റഡ് ഏജൻസികൾക്ക് അവരുടെ സേവനങ്ങൾക്ക് നിശ്ചിത നിരക്കിൽ സെന്റേജ് ചാർജ്ജിന് അർഹതയുണ്ട്. ഇക്കാര്യത്തിൽ സെന്റേജ് ചാർജ്ജ് ഈടാക്കാതെ ആർട്ട്കോ സേവനം നൽകാനിടവന്നത് വിശദീകരിക്കേണ്ടതാണ്.

5)മരാമത്ത് പ്രവൃത്തികൾക്ക് 12% നിരക്കിലാണ് ജി.എസ്.ടി നൽകേണ്ടത് എന്നാൽ 18% നിരക്കിൽ മേൽ പ്രവൃത്തികൾക്ക് ജി.എസ്.ടി ഈടാക്കിയിട്ടുണ്ട്. ആർട്ട്കോ നൽകിയിട്ടുള്ള ഇൻവോയ്സ് നമ്പർ 547/29-04-19, 03/04-05-19, 268/20-12-18 എന്നിവയിൽ നിന്നായി വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് 18% ജി.എസ്.ടി നിരക്കിൽ 4,93,185 രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇതിന്റെ 12% തുകയായ 3,19,763 രൂപയേ സ്ഥാപനത്തിന് നൽകേണ്ടിയിരുന്നുള്ളൂ. അതുകൊണ്ടുതന്നെ ഈ ഇനത്തിൽ 1,73,422/-രൂപയുടെ അധിക ചെലവ് സംഭവിച്ചിട്ടുണ്ട്. അധികം നൽകിയ തുക ആർട്ട്കോ യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

6) സ.ഉ.(എം.എസ്) 133/07ത. സ്വ.ഭ.വ തി.18-05-07 നിർദേശം 2 പ്രകാരം ത.സ്വ.ഭ. എഞ്ചിനിയർ സൂപ്പർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തേണ്ടതാണ്. കേരള പബ്ലിക് വർക്സ് അക്കൗണ്ട് കോഡ് 10.2.9 മുതൽ 10.2.15 ഉൾപ്പടെയുള്ള ഖണ്ഡികകൾ പ്രകാരം മരാമത്തു പണികളുമായി ബന്ധപ്പെട്ട അടിസ്ഥാന രേഖ അളവുപുസ്തകമാണ്. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അളവുപുസ്തകം സൂക്ഷിച്ചിട്ടില്ല. ഫർണിച്ചറുകൾ സപ്ലൈ ചെയ്തതും വിവിധയിനം പ്രവൃത്തികൾ ചെയ്തതും ആർട്ട്കോ ഇൻവോയ്സുകളിലാണ് രേഖപ്പെടുത്തി നൽകിയിട്ടുള്ളത്.

7)മരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനം സാങ്കേതികാനുമതിയുള്ള എസ്റ്റിമേറ്റിന്റെ ലഭ്യതയാണ്. സ.ഉ.(എം.എസ്) 133/13 ത.സ്വ.ഭ.വ തി.30-3-'13 വ്യവസ്ഥ 3 സി പ്രകാരം ഗ്രാമപഞ്ചായത്ത് എഞ്ചിനിയർ ഡിസൈൻ,

പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കണം. സ.ഉ.(പി) 311/14 ധന. തി.30-7-14 അനക്സർ IIവ്യവസ്ഥ 7, സ.ഉ.(പി) 118/18ധന. തി.3-8-18 വ്യവസ്ഥ 10 എന്നിവ പ്രകാരം 'TS Shall Be Issued By The Client Dept. Having Engineering Section.......എന്നത്തരവായിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കുകയോ ഉണ്ടായിട്ടില്ല.

8) ജി.ഒ(എം.എസ്)നമ്പർ 4/2018 ത.സ്വ.ഭ.വ 01-01- 2018 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥാപനത്തിൽ ഇല്ലെങ്കിൽ മാത്രമേ പഞ്ചായത്ത് സെക്രട്ടറി മരാമത്ത് പണികളുടെ നിർവഹണം ഏറ്റെടുക്കേണ്ടതായുള്ളു. എന്നാൽ ഈ വ്യവസ്ഥക്ക് വിരുദ്ധമായാണ് പദ്ധതി നിർവഹണം സെക്രട്ടറി ഏറ്റെടുത്തിരിക്കുന്നത്.

9) പഞ്ചായത്ത് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ഇതേ പ്രവൃത്തികളുടെ ഭാഗമായി രണ്ട് 'Two Ton Invertor Type Split' എയർകണ്ടീഷൻ(LG Brand)വാങ്ങിയിട്ടുണ്ട്. ആർട്ട്കോയുടെ ഇൻവോയ്സ് നമ്പർ 26/02-07-2019 ലെ ക്രമ നമ്പർ 10 ആയാണ് ഇത് വാങ്ങിയിട്ടുള്ളത്. വിലയുടെ വിശദാംശങ്ങൾ

| ഇനം | തുക (ജി.എസ്.ടി ഉൾപ്പെടെ) |
|---|---|
| എയർകണ്ടിഷൻ 2 എണ്ണം | 1,18,000 |
| സ്റ്റബിലൈസർ | 5192 |
| ആകെ | 1,23,192 |

ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ആർട്ട്കോയ്ക്ക് ഈ ഉപകരണങ്ങൾ വാങ്ങാനുള്ള അനുമതിനൽകിയതെന്ന് വ്യക്തമാക്കേണ്ടതാണ്.
ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 17/20-06-22) മറുപടി ലഭ്യമാക്കിയിട്ടില്ല. മുകളിൽ സൂചിപ്പിച്ച പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 26,07,591/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-34 കലവറക്കുന്ന് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ നിർമ്മാണം - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | SO 182/20 |
| പ്രൊജക്റ്റ് പേര് | കലവറക്കുന്ന് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ നിർമ്മാണം |
| പദ്ധതി വിഹിതം(തനത് ഫണ്ട്) | 20,00,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | 20,00,000 |

വരന്തരപ്പിള്ളി പ്രാഥമീകാരോഗ്യകേന്ദ്രം വിപുലപ്പെടുത്തി ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിന്റെ ഭാഗമായുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2018-19 വർഷത്തിൽ SO 353/18 നമ്പർ പ്രൊജക്റ്റിന് ഡി.പി.സി അംഗീകാരം ലഭിക്കുകയും പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 25,00,000/-രൂപ ഇതിനായി വകയിരുത്തുകയും ചെയ്തു. ഈ നിർമ്മാണവുമായി ബന്ധപ്പെട്ട് കോസ്റ്റ് ഫോർഡ് നൽകിയ 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 16/01/2019ലെ 18(1) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയും ടി പ്രവൃത്തി കോസ്റ്റ് ഫോർഡിന് നൽകുകയും ചെയ്തു. ഇതു പ്രകാരം 2019 ഫിബ്രവരി 12 ന് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തൃശ്ശൂർ കോസ്റ്റ് ഫോർഡ് ശാഖയിലെ ഡയറക്ടറും തമ്മിൽ 1452/2018-19 നമ്പർ കരാറിൽ ഏർപ്പെടുകയും ചെയ്തു.

മേൽ സൂചിപ്പിച്ച കരാർ പ്രകാരം ആറ് ഘട്ടമായാണ് കോസ്റ്റ് ഫോർഡിന് ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട തുക കൈമാറേണ്ടത്. ആദ്യ ഘട്ടത്തിൽ കരാർ പ്രകാരമുള്ള എസ്റ്റിമേറ്റ് കോസ്റ്റിന്റെ 20% തുകയും രണ്ട്, മൂന്ന്, നാല് ഘട്ടങ്ങളിൽ മുൻമ്പ് നൽകിയ തുകയുടെ 90% ഉപയോഗിച്ച എന്നുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറക്ക് എസ്റ്റിമേറ്റ് കോസ്റ്റിന്റെ 20% തുകയും, ആഞ്ചാമത്തെ ഘട്ടത്തിൽ എസ്റ്റിമേറ്റ് കോസ്റ്റിന്റെ 10% തുകയും(യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറക്ക്) അവസാന ഘട്ടത്തിലെ 10% തുക അംഗീകരിച്ച ഫൈനൽ ബിൽ ലഭ്യമാകുന്നമുറയ്ക്കും നൽകാവുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ കൊടുക്കുന്നു.

എ) 2018-19 വർഷത്തിൽ നൽകിയ 5 ലക്ഷം രൂപയും 2019-20 വർഷം നൽകിയ 20 ലക്ഷം രൂപയും ചേർത്ത് മുഴുവൻ എസ്റ്റിമേറ്റ് തുകയും കോസ്റ്റ് ഫോർഡ് നൽകിക്കാണുന്നുണ്ട്. എന്നാൽ 23-01-20 ന് കോസ്റ്റ് ഫോർഡ് നൽകിയ 15 ലക്ഷം രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുമാത്രമേ ലഭ്യമായികാണുന്നുള്ളൂ. പ്രവൃത്തി പൂർത്തീകരികരിച്ചതിന്റെയോ കെട്ടിടം ഉപയോഗക്ഷമമാക്കിയതിന്റെയോ രേഖകൾ ലഭ്യമല്ല.

ബി) നൽകിയ തുകയുടെ 90% ഉപയോഗിച്ച എന്ന കാണിച്ച കൊണ്ടുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ പുറത്താണ് ആടുത്ത ഘട്ടത്തിലെ 20% തുക അനുവദിക്കാവുന്നത്. എന്നാൽ 20 ലക്ഷം രൂപ കൈമാറിയതിൽ മേൽ സൂചിപ്പിച്ച കരാർ വ്യവസ്ഥകൾ പാലിച്ചുകാണുന്നില്ല. തുക കൈമാറിയതിന്റെ വിശദാംശങ്ങൾ.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|---|
| 1 | 21900388 | 5669603 | 20-08-19 | 10,00,000 |
| 2 | 21900955 | 5669629 | 04-02-20 | 4,00,000 |
| 3 | 21900957 | 5669630 | 05-02-20 | 3,00,000 |
| 4 | 21900972 | 5669631 | 10-02-20 | 3,00,000 |
| | | ആകെ | | 20,00,000/- |

കരാർ പ്രകാരമുള്ള എസ്റ്റിമേറ്റ് കോസ്റ്റിന്റെ 20% തുക എന്നത് 5 ലക്ഷം രൂപയാണ്. അതത് ഘട്ടങ്ങളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറക്ക് 4 തവണകളായി 5 ലക്ഷം രൂപ വീതവും പ്രവൃത്തിയുടെ അഞ്ചാം ഘട്ടത്തിൽ 2.5 ലക്ഷം രൂപയും കോസ്റ്റ്ഫോർഡിന് കൈമാറാവുന്നതാണ്. ഫൈനൽ ബിൽ ലഭ്യമാകുന്നമുറയ്ക്ക് മാത്രമാണ് ബാക്കി 2.5 ലക്ഷം രൂപ നൽകേണ്ടത്. എന്നാൽ ഇപ്രകാരമല്ല തുക കൈമാറിയിരിക്കുന്നത്. കരാർ വ്യവസ്ഥകൾ തെറ്റിച്ചുകൊണ്ട് കോസ്റ്റ്ഫോർഡിന് തുക കൈമാറിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

സി) അംഗീകൃത ഏജൻസികളുടെയും അക്രെഡിറ്റേഷൻ ഏജൻസികളുടെയും സേവനം പ്രയോജനപ്പെടുത്താനുള്ള തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30-03-2013 ലെ സ.ഉ(എം.എസ്) നമ്പർ.133/13 ഉത്തരവ് പ്രകാരം അക്രെഡിറ്റേഷൻ ഏജൻസികൾക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പ്രവൃത്തികൾ ഏൽപ്പിച്ചുനൽകാവുന്നതാണ്.

I) ചെലവുകുറഞ്ഞ സാങ്കേതിക വിദ്യ(Low Cost Technology) ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ, PWD നിരക്കുകൾ അധികരിക്കാതെ.

Ii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥ-സ്ഥാപന വൈദഗ്ധ്യം ഉപയോഗിച്ച് ചെയ്യാൻ കഴിയാത്ത പ്രവർത്തനങ്ങൾ.

പഞ്ചായത്ത് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തികൾ ടെൻഡർ നടപടികൾ ഒഴിവാക്കിക്കൊണ്ട് കോസ്റ്റ് ഫോർഡിന് കൈമാറിയതിൽ മേൽ സൂചിപ്പിച്ച വ്യവസ്ഥകൾ ഉറപ്പാക്കിയതായി കാണുന്നില്ല.

ഡി) കെട്ടിട നിർമ്മാണത്തിനായി കൈമാറിയ 20,00,000/- രൂപ യുടെ പൂർത്തീകരണ സാക്ഷ്യപത്രം, തുക കൈപ്പറ്റിയതിന്റെ രസീത് എന്നിവ ലഭ്യമാക്കിയിട്ടില്ല.
ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 18/20-06-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-35 കുട്ടികളുടെ നീന്തൽ പരിശീലനം - 4,23,340/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | എസ് ഒ 041/20 |
| പ്രൊജക്റ്റ് പേര് | കുട്ടികൾക്കുള്ള നീന്തൽ പരിശീലനം |
| ബജറ്റ് വിഹിതം | 4,23,340 |
| ചെലവ് | 4,23,340 (വികസനഫണ്ട് ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

2019-20 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ കുട്ടികൾക്കുള്ള നീന്തൽ പരിശീലനം എന്ന പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് 4,23,340/- രൂപ ചെലവായിട്ടുണ്ട്. ഈ പരിശീലനവുമായി ബന്ധപ്പെട്ട് ഈ ഗ്രാമ പഞ്ചായത്തിലെ അഞ്ച് സ്കൂളുകളിലെ 202 വിദ്യാർത്ഥികൾക്കായി 14 ദിവസത്തെ നീന്തൽ പരിശീലനം നടത്തിയ ഇനത്തിൽ ആമ്പല്ലൂരിലെ ലിഷർ ലാന്റ് ഹെൽത്ത് ക്ലബ്ബിന് 4,14,890/- രൂപയും വണ്ടി വാടക ഇനത്തിൽ 8450/-രൂപയും ചെലവായി. ചെലവു വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക | ഇനം |
|---|---|---|---|---|
| 1 | 21901300 | 24-02-20 | 1,87,500 | ലിഷർ ലാന്റ് ഹെൽത്ത് ക്ലബ്ബ് |
| 2 | 21901308 | 07-03-20 | 47,405 | ലിഷർ ലാന്റ് ഹെൽത്ത് ക്ലബ്ബ് |
| 3 | 21901354 | 09-03-20 | 46,875 | ലിഷർ ലാന്റ് ഹെൽത്ത് ക്ലബ്ബ് |
| 4 | 21901309 | 09-03-20 | 41,310 | ലിഷർ ലാന്റ് ഹെൽത്ത് ക്ലബ്ബ് |
| 5 | 21901310 | 09-03-20 | 45,900 | ലിഷർ ലാന്റ് ഹെൽത്ത് ക്ലബ്ബ് |
| 6 | 21901311 | 09-03-20 | 45,900 | ലിഷർ ലാന്റ് ഹെൽത്ത് ക്ലബ്ബ് |
| 7 | 21901336 | 19-03-20 | 8450 | വണ്ടി വാടക |
| | ആകെ | | | 4,23,340/- |

ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ചുവടെ കൊടുക്കുന്നു

1) നീന്തൽ പരിശീലനവുമായി ബന്ധപ്പെട്ട പദ്ധതി മാർഗ്ഗരേഖ പ്രകാരം നീന്തൽ പരിശീലകന്റെ അലവൻസ്, കുട്ടികൾക്കുള്ള സ്വിമ്മിംഗ് ഡ്രസ്, റിഫ്രഷ്മെന്റ് ചെലവുകൾ കണക്കാക്കി പദ്ധതി തയ്യാറാക്കണമെന്നാണ് നിർദ്ദേശിക്കുന്നത്. എന്നാൽ അംഗീകരിച്ച പദ്ധതി പ്രകാരം ഈ ഇനങ്ങളുടെ യൂനിറ്റ് നിരക്കുകൾ നിശ്ചയിച്ചിട്ടില്ല.

2) നീന്തൽ പരിശീലനം നടത്തുന്നതിനായി ആമ്പല്ലൂരിലെ ലിഷർ ലാന്റ് ഹെൽത്ത് ക്ലബ്ബിനെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. എന്നാൽ ഈ സ്ഥാപനത്തെ തിരഞ്ഞെടുക്കാനുണ്ടായ മാനദണ്ഡങ്ങൾ(ക്വട്ടേഷനോ, മറ്റു നടപടിക്രമങ്ങളോ) ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3) നീന്തൽ പരിശീലനത്തിന് ഈ സ്ഥാപനം ഈടാക്കിയ നിരക്കുകൾ ഇപ്രകാരമാണ്

| ഇനം | നിരക്ക് |
|---|---|
| പരിശീലകനുള്ള ഹോണറേറിയം | ഒരു കുട്ടിക്ക് 1000/-രൂപ |
| ഭക്ഷണം | ഒരു കുട്ടിക്ക് 375/-രൂപ |
| നീന്തൽ സാമഗ്രികൾ | ഒരു കുട്ടിക്ക് 420/-രൂപ |
| നീന്തൽ കുളം ഉപയോഗിക്കുന്നതിന് | ഒരു കുട്ടിക്ക് 250/-രൂപ |

| | |
|---|---|
| ജില്ലാ സ്പോർട്സ് കൗൺസിലിന് | ഒരു കുട്ടിക്ക് 250/-രൂപ |

ഈ നിരക്കുകൾ ക്വട്ടേഷൻ വഴിയോ, മറ്റേതെങ്കിലും ഉത്തരവുകൾ വഴിയോ അംഗീകരിക്കപ്പെടാതാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4) നീന്തൽ സാമഗ്രികൾക്ക് 58 കുട്ടികൾക്ക് 420/-രൂപ നിരക്കിലും(രസീത് നമ്പർ 753,754,755,756/09-03-20) 19 കുട്ടികൾക്ക് 620/- രൂപ നിരക്കിലും(രസീത് നമ്പർ 752/09-03-20) ആണ് തുക ഈടാക്കിയിരിക്കുന്നത്. ഒരേ തീയതിയിൽ തന്നെ ഇത്തരത്തിൽ വ്യത്യസ്തമായ നിരക്ക് ഈടാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5) 202 കുട്ടികൾ നീന്തൽ പരിശീലനത്തിന് പങ്കെടുത്തതായി ഹാജർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 77 കുട്ടികൾക്ക് മാത്രമേ നീന്തൽ സാമഗ്രികൾ വിതരണം ചെയ്തതിന്റെ ചെലവുവിശദാംശങ്ങൾ മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ.

6) നീന്തൽ പരിശീലനം നടത്തിയ സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല. നീന്തൽ പരിശീലനത്തിനായി 4,14,890/-രൂപ ഒരു സ്വകാര്യ നീന്തൽ പരിശീലനകേന്ദ്രത്തിന് കൈമാറുമ്പോൾ ഈ സ്ഥാപനം നിർബന്ധമായി പാലിക്കേണ്ട വ്യവസ്ഥകളും, സേവനങ്ങളും എന്തൊക്കെയെന്ന് വ്യക്തമാക്കാത്തത് ഉചിതമായ നടപടിയല്ല.

7) പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സ്ഥാപനം സർട്ടിഫിക്കറ്റുകൾ നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 02/15-06-22) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ സൂചിപ്പിച്ച കാരണങ്ങളാൽ 4,23,340/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 ഓവർഹെഡ് ചാർജ്ജസ് അധിക നിരക്കിൽ അനുവദിച്ചു വരുന്നു

ഓഡിറ്റ് എൻക്വയറി നം.22 തി. 21-6-'22

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തി. 7-5-'14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധിക തുക ലഭിച്ചുകൊണ്ടിരിക്കുന്നത് എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിക്കേണ്ടതും ഇക്കാര്യത്തിലുള്ള തുടർ നടപടികളുടെ വിവരം യഥാസമയം ഓഡിറ്റിന് നൽകേണ്ടതുമാണ്.

## 1-37 കാലി ബാരലിന്റെ വില ₹ 99137-ഈടാക്കിയിട്ടില്ല

ഓഡിറ്റ് എൻക്വയറി നം. 3 തി. 15-6-22

റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകൾ പാക്ക്ഡ് ബിറ്റുമിൻ വില ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്.
ഓഡിറ്റ് കാലയളവിൽ കരാറുകാർ ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം അസി.എഞ്ചിനിയർ ലഭ്യമാക്കുകയുണ്ടായി. ഇതനുസരിച്ച് 238+18% (GST) നിരക്കിൽ ആകെ ₹ 99137/-( 84,014 + 15123 ) കാലി ബാരലിന്റെ വില ഈടാക്കി ഓരോ പ്രവൃത്തിക്കും ചെലവു വന്ന ശീർഷകങ്ങളിലേക്ക്/GST വകുപ്പിലേക്ക് താഴെ ചേർക്കുന്നതു പ്രകാരം അടവാക്കേണ്ടതാണ്.

| കരാറുകാരന്റെ പേര് | ആകെ ബാരലുകൾ | ₹ 238/- നിരക്കിൽ കാലി ബാരലിന്റെവില | 18 % നിരക്കിൽ GST |
|---|---|---|---|
| ജോഫി പി.ഡി. | 90 | 21420- | 3856- |
| രാജൻ വി.പി | 33 | 7854- | 1414- |
| സിജു കെ.ജെ | 39 | 9282- | 1671- |
| ജോസഫ് കെ.എ | 55 | 13090- | 2356- |
| മറ്റത്തൂർ ലേബർ സൊസൈറ്റി | 19 | 4522- | 814- |
| ശശിധരൻ വി. | 23 | 5474- | 985- |
| സി.കെ ഷാജി | 94 | 22372- | 4027- |
| ആകെ | 353 | 84,014- | 15123- |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 1468331 | ലൈഫ് ഭവന പദ്ധതി ജനറൽ | 1468331 | 0 |
| | | 100000 | ലൈഫ് ഭവന പദ്ധതി എസ് ടി | 100000 | 0 |
| | | 300000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | | 1200000 | നെൽകൃഷി വികസനം | 1200000 | 0 |
| | | 190000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 190000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 434869 | ലൈഫ് ഭവന പദ്ധതി ജനറൽ | 434869 | 0 |
| | | 450660 | നവോദയ വായന ശാലയ്ക്ക് കെട്ടിട നിർമ്മാണം | 450660 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | എ ഒ വി കോളനി റോഡിലെപോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 144-10/12/2019 | 48475 | 0 | 48475 |
| കെ എസ് ഇ ബി | മുത്തുമല ലിഫ്റ്റ് ഇറിഗേഷൻ ഇലക്ട്രിഫിക്കേഷൻ&മോട്ടോർ | 68-05/10/2019<br>407-10/03/2020 | 611102 | 0 | 611102 |

| | | | | | |
|---|---|---|---|---|---|
| | അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കൽ | | | | |
| കേരള വാട്ടർ അതോറിറ്റി | എച്ചിപ്പാറ എസ് ടി കോളനി കുടിവെള്ള പദ്ധതി | 203-28/12/2019 | 380000 | 0 | 380000 |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| KURDFC | ----- | 5040000 | 3821649 | 8861649 | 345588 | 0 | 8516061 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 12182311 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | ആകെ | 12182311 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 12182311 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | | പലിശയടക്കം | 13158482 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീതി നം / തിയതി |
|---|---|---|---|---|
| 2015-16 | 2(5) | 250 | ടി ടി മൈക്കിൾ | 119010102656 23/07/2019 |
| 2015-16 | 2(5) | 500 | ഇ എൻ ഷാജൻ | 119010102672/ 23/07/2019 |
| 2015-16 | 2(5) | 500 | പി എൻ പവിത്രൻ | 119010102671/ 23/07/2019 |
| 2015-16 | 2(5) | 370 | ജോയ്,ലിയോ | 119010103194 21/08/2019 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ലഭ്യമാക്കിയിട്ടില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,37,77,764 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,30,09,282 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3030931 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 2607591 | 858035-ഇ ജെ ഫോർബി,സെക്രട്ടറി |
| | | 1749556-ഷെജി തോമസ് ,സെക്രട്ടറി ഇൻ ചാർജ് |
| 1-35 | 423340 | ശാന്ത എ എ,ഹെഡ്മിസ്ട്രസ് |
| ആകെ | 3030931 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| ഇ ജെ ഫോർബി,സെക്രട്ടറി | സെക്രട്ടറി,വരവൂർ ഗ്രാമ പഞ്ചായത്ത് | ഇലഞ്ഞിക്കൽ വീട്,മാള പള്ളിപ്പുറം |
| ഷെജി തോമസ് | അസിസ്റ്റന്റ് സെക്രട്ടറി വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത് | പാലക്കൽ വീട്,മുട്ടിത്തടി പി ഒ |
| ശാന്ത എ എ,ഹെഡ്മിസ്ട്രസ് | വിരമിച്ചു | മറ്റത്തിൽ വീട്,അന്നമനട |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1986-87,87-88 | കെ .എസ്.എ.ടി.എസ്.ആർ. പി. 6-605/15/02.12.2015 |
| 1988-89,89-90 | |
| 1990-91 | |
| 1991-92 | |
| 1992-93 | |

| | |
|---|---|
| 1993-94 | |
| 1994-95 | കെ .എസ്.എ.ടി.എസ്.ആർ. പി. 6-269/16/23.02.2016 |
| 1995-96 | |
| 1996-97 | |
| 1997-98 | |
| 1998-99 | |
| 1999-00 | |
| 2000-01 | എൽ . എഫ്. ടി 9-1673/03 / 3.3.03 |
| 2001-02 | എൽ.എഫ്.ടി9-1406/03/ 19.12.03/4.3.04 |
| 2002-03 | എൽ.എഫ്.ടി9-650/06/ 11.8.06/1.12.06 |
| 2003-2017-1804 | എൽ.എഫ്.ടി9-2550/08/ 26.12.09 |
| 2004-05 | എൽ.എഫ്.ടി9-2551/08/ 26.12.09 |
| 2005-06 | എൽ.എഫ്.ടി9-2558/08/ 26.12.09 |
| 2006-07 | എൽ.എഫ്.ടി9-587/10/ 3.2.11 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.ടി.പി.2-1872/12/ 5.3.13/15.7.13 |
| 2011-12 | എൽ.എഫ്.ടി.പി.2-231/13/ 18.4.13/14.8.13 |
| 2012-13 | എൽ.എഫ്.ടി.പി 6-12/14/ 7.6.14/11.9.14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി.6) 49/15/ 11.5.15/11.6.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ- പി.6-1110/16/11.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ- പി.6-2228/16/17-1-.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ- പി.6-1749/2017 തീ.29.11.2017/22.12.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ- പി.6-586/19 തീ. 24.05.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ (പി.9)- 699/2020, തിയ്യതി: 28.07.2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്